പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 2479 20.6.2012 ലെ മറുപടിക്ക്

## വിജ്ഞാൻ വാടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)പട്ടികജാതി കോളനികളിലെ 5 സെന്റ് ഭൂമി സ്വന്തമായുള്ള അംഗൻവാടികളെ വിജ്ഞാൻവാടികളായി ഉയർത്തുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | എ) അംഗൻവാടികളെ വിജ്ഞാൻവാടികളായി ഉയർത്തുക എന്നതല്ല പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.<br>വിജ്ഞാൻവാടി പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിൽ കമ്മ്യൂണിറ്റി ഹാൾ/സംസ്കാരിക നിലയം ഉള്ളതും വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതുമായ 70 പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടി സ്ഥാപിക്കുന്നതിന് നടപടിയെടുക്കുകയും രണ്ടാം ഘട്ടത്തിൽ 500 സ്ക്വയർഫീറ്റ് വിസ്തൃതിയിൽ വിജ്ഞാൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥല സൗകര്യമുള്ള 1000 കോളനികളിൽ കെട്ടിടം നിർമ്മിച്ച് അവിടെ വിജ്ഞാൻവാടി സ്ഥാപിക്കാൻ ഉത്തരവാകുകയും ഇപ്രകാരം നിർമ്മാണ ചുമതല കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ബി)തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ നിന്നും വിജ്ഞാൻ വാടിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;<br><br>(സി)ഇതിൽ എത്ര അപേക്ഷകളിൽ അനുമതി ലഭ്യമാക്കിയിട്ടുണ്ട് എന്നും ആയവയുടെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നും അറിയിക്കാമോ? | ബി) & സി) | 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; 5 കോളനികളിൽ വിജ്ഞാൻവാടി സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഇരിക്കൂർ പഞ്ചായത്തിലെ മുല്ലക്കൊടി കോളനിയിൽ വിജ്ഞാൻവാടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; മറ്റു നാല് കോളനികളും പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ